ഉത്തരം

(എ) താലൂക്ക് സപ്ലൈ ഓഫീസുകളിൽനിന്നും സിറ്റി റേഷനിംഗ് ഓഫീസുകളിൽനിന്നും മണ്ണെണ്ണ സ്റ്റോക്ക് എടുക്കുന്നതിനുള്ള അതോറിറ്റി ലിസ്റ്റുകൾ എല്ലാ മാസവും 3-ാം തീയതിക്കു മുൻപായി മൊത്ത വ്യാപാര ഡിപ്പോ ഉടമകൾക്ക് നൽകിയിരിക്കണമെന്നും അവർ 10-ാം തീയതിക്കു മുൻപായി അനുവദിക്കപ്പെട്ട വിഹിതത്തിന്റെ 60 ശതമാനവും ബാക്കിവിഹിതം 20-ാം തീയതിക്കു മുമ്പായും ഓയിൽ കമ്പനികളിൽനിന്നും എടുത്തിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. റീട്ടെയിൽ വ്യാപാരികൾ 10-ാം തീയതിക്കു മുൻപും 25-ാം തീയതിക്കു മുമ്പും ഉള്ള രണ്ടു തവണകളിലായി കാർഡുടമകൾക്ക് മണ്ണെണ്ണ വിതരണം നടത്തേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(ബി) മണ്ണെണ്ണ ഉൾപ്പെടെയുള്ള എല്ലാ റേഷൻ സാധനങ്ങളുടെയും കൃത്യമായ വിലവിവരം രേഖപ്പെടുത്തിയ ബോർഡ് എല്ലാ റേഷൻ കടകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. കാർഡുടമകളിൽനിന്നും അധികവില ഈടാക്കിയാൽ പരാതി രേഖപ്പെടുത്തുന്നതിന് പരാതി പുസ്തകം റേഷൻ കടകളിൽ ലഭ്യമാണ് എന്ന് റേഷൻ കടകളിൽതന്നെ നോട്ടീസ് പതിപ്പിച്ചിട്ടുണ്ട്. റേഷൻ കടക്കാരുടെ ക്രമവിരുദ്ധനടപടികൾ കണ്ടുപിടിക്കുന്നതിന് അതാത് ഫർക്കകളിലെ റേഷനിംഗ് ഇൻസ്പെക്ടർമാരുടെയും, പഞ്ചായത്ത്, താലൂക്ക് ജില്ലാതല വിജിലൻസ് കമ്മിറ്റികളുടെയും സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിൽ ശക്തമായ പരിശോധന വിഭാഗവും പ്രവർത്തിച്ചുവരുന്നു.

(സി) വർക്കല നിയോജകമണ്ഡലത്തിൽ 8 പഞ്ചായത്തുകളിലായി 110 റേഷൻ കടകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) അത്തരം ഒരു അവസ്ഥ നിലവിലില്ല.

(ഇ) റേഷൻ വ്യാപാരികൾ പൊതു വിതരണത്തിനായി അനുവദിക്കപ്പെട്ടിട്ടുള്ള റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നത് തടയുന്നതിനും പൊതു വിതരണം സുഗമവും കാര്യക്ഷമവുമായി നടത്തുന്നുവെന്നത് ഉറപ്പാക്കുന്നതിനും സിവിൽ സപ്ലൈസ് വകുപ്പിന് ശക്തമായ ഒരു പരിശോധനാവിഭാഗം നിലവിലുണ്ട്. മണ്ണെണ്ണ കരിഞ്ചന്തയിൽ വിൽക്കുന്നതായ വ്യക്തമായ പരാതികൾ ലഭിക്കുന്നപക്ഷം അന്വേഷിച്ച് കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്)വർക്കല മണ്ഡലത്തിലും ഇടവാ പഞ്ചായത്തിലും റേഷൻകട ഉടമകൾ അഴിമതി കാണിക്കുന്നതായി പ്രത്യേകിച്ച് പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

103 (2289) കോഴിക്കോട് നഗരത്തിലെ സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ ഇപ്പോൾ എത്ര സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവ ഏതെല്ലാം സ്ഥലങ്ങളിൽ അവശ്യസാധനങ്ങൾ വിതരണം നടത്തുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) നഗരത്തിൽ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിനായി സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) രണ്ട് സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നു.

(ബി) ഇവ കോഴിക്കോട് നഗരത്തിലെ മൂഴിക്കൽ, ചെലവൂർ, സിവിൽ സ്റ്റേഷൻ, പോലീസ് ക്വാർട്ടേഴ്സ്, എൻ.ജി.ഒ. ക്വാർട്ടേഴ്സ്, കക്കോടി, പുതിയറ, പറമ്പിൽബസാർ, പുതിയങ്ങാടി, സി.ഡി.എ. ഹൗസിംഗ് കോളനി, നരീക്കോട്, നടക്കാവ്, ഈസ്റ്റ് ഹിൽ, വെസ്റ്റ് ഹിൽ എന്നീ സ്ഥലങ്ങളിൽ ആഴ്ചയിൽ ഒരു പ്രാവശ്യം അവശ്യസാധനങ്ങൾ വിതരണം നടത്തിവരുന്നു.

(സി) കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കുവാൻ തക്ക സംവിധാനം ഇപ്പോൾ ഇല്ല. എണ്ണം വർദ്ധിപ്പിക്കൽ ഇപ്പോൾ പരിഗണനയിലില്ല.

104 (2290) കോഴിക്കോട് നഗരത്തിലെ മാവേലിസ്റ്റോറുകൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നു വിശദമാക്കുമോ;

(ബി) ഈ മാവേലിസ്റ്റോറുകളുടെ ഒരു മാസത്തെ ശരാശരി വിറ്റു വരവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ ഏതെല്ലാം മാവേലിസ്റ്റോറുകളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) നഗരത്തിലെ ജനസാന്ദ്രത കണക്കിലെടുത്ത് കൂടുതൽ മാവേലിസ്റ്റോറുകൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പത്തെണ്ണം.

(ബി) 1999 മാർച്ച്, ഏപ്രിൽ, മേയ് എന്നീ മൂന്നു മാസങ്ങളിലെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് നഗരത്തിലുള്ള മാവേലി സ്റ്റോറുകളുടെ ഒരു മാസത്തെ ശരാശരി വിറ്റുവരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) എല്ലാ സ്റ്റോറുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ഡി) മാവേലി സ്റ്റോറുകളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഘട്ടം ഘട്ടമായി മാവേലി സ്റ്റോറുകൾ തുറക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നഗരങ്ങളിൽ കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശങ്ങളൊന്നും തൽക്കാലം ഇപ്പോൾ പരിഗണനയിലില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly